# കേരള സർവകലാശാല

നം.പി.ആർ.129/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പരീക്ഷാഫീസ്

2019 ജൂലൈ 17 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം ബി.എ/ബി.എസ്.സി/ബി.കോം (2017 അഡ്മിഷൻ റെഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴകൂടാതെ ജൂൺ 25 വരെയും 50 രൂപ പിഴയോടെ ജൂൺ 27 വരെയും 125 രൂപ പിഴയോടെ ജൂൺ 29 വരെയും ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പരീക്ഷാകൺട്രോളറുടെ പ്രത്യേക അനുമതിയില്ലാത്ത ഓഫ്ലൈൻ അപേക്ഷകൾ നിരസിക്കുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജൂലൈ 22 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സരം) എൽ.എൽ.ബി പരീക്ഷകൾക്ക് ജൂൺ 24 മുതൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്. പിഴ കൂടാതെ ജൂലൈ 1 വരെയും 50 രൂപ പിഴയോടെ ജൂലൈ 3 വരെയും 125 രൂപ പിഴയോടെ ജൂലൈ 5 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 മേയിൽ നടത്തിയ പാർട്ട് മൂന്ന് ബി.കോം അവസാന വർഷ ഡിഗ്രി (ആന്വൽ സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ ലഭ്യമാണ്.

2019 മേയിൽ നടത്തിയ ബി.എ (ആന്വൽ സ്കീം) ബിരുദ വിദ്യാർത്ഥികളുടെ പാർട്ട് III ഇംഗ്ലീഷ്, സോഷ്യോളജി, ഇക്കണോമിക്സ് എന്നീ വിഷയങ്ങളുടെ പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 15 വരെ അപേക്ഷിക്കാം. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

## പി.ജി പ്രവേശനം – തീയതി നീട്ടി

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ/യു.ഐ.ടി/ഐ.എച്ച്.ആർ.ഡി കോളേജുകളിൽ ഒന്നാം വർഷ പി.ജി പ്രവേശനത്തിനുള്ള തീയതി ജൂൺ 22 വരെ നീട്ടിയിരിക്കുന്നു.

**കേരള സർവകലാശാല യു.ജി/പി.ജി പ്രവേശനം 2019**
**സ്പോർട്ട് ക്വാട്ട പ്രവേശനം –**
**ജൂൺ 17 മുതൽ 24 വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം**

സ്പോർട്സ് ക്വാട്ട: സ്പോർട്സ് 'യെസ്' എന്നു നൽകിയിട്ടുളള വിദ്യാർത്ഥികൾക്ക് തങ്ങളുടെ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ (+1, +2 തലത്തിൽ ഉളളതു മാത്രം) സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യാം. ഏറ്റവും ഉയർന്നതലത്തിലുളളത് ആദ്യം നൽകുക. വിദ്യാർത്ഥികൾ തങ്ങളുടെ അപേക്ഷ നമ്പരും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷമാണ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യേണ്ടത്. പ്രസ്തുത സർട്ടിഫിക്കറ്റുകൾ കുറഞ്ഞത് 500 പിക്സൽ (ഉയരംX വീതി), 100 KB size എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. നിലവിൽ രജിസ്ട്രേഷൻ ഉളളവർക്കും സ്പോർട്സ് 'യെസ്' എന്നു നൽകിയവർക്കും മാത്രം അപേക്ഷ സമർപ്പിക്കാം. ഓൺലൈൻ രജിസ്ട്രേഷനിൽ നൽകിയിട്ടുളള കോളേജുകളും ഓപ്ഷനുകളും മാത്രമേ പരിഗണിക്കുകയുളളൂ. സ്പോർട്സ് ക്വാട്ടയ്ക്കു വേണ്ടി പുതിയ രജിസ്ട്രേഷൻ നടത്താൻ കഴിയില്ല. നിശ്ചിത സമയം കഴിഞ്ഞ് രജിസ്ട്രേഷൻ നടത്താൻ കഴിയുന്നതല്ല.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം,
17-06-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098